## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2648** 14.02.2013-ലെ മറുപടിക്ക്

## ആരോഗ്യ സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ അഫിലിയേഷനുള്ള നിബന്ധനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ അഫിലിയേഷനുള്ള നിബന്ധനകൾ എന്തെല്ലാം ; | (എ) ആരോഗ്യ സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ അഫിലിയേഷനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:<br>1. സർവ്വകലാശാല വെബ്സൈറ്റിലൂടെ പുതിയ കോഴ്സുകൾക്കും കോളേജുകൾക്കും അപേക്ഷ ക്ഷണിക്കുന്നു.<br>2. അപേക്ഷ യഥാക്രമമാണോ എന്ന് പരിശോധിച്ചതിനുശേഷം ഒരു പരിശോധനാ വിഭാഗത്തെ (മുഖ്യമായും സർക്കാർ കോളേജുകളിൽ നിന്നും) ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് അയക്കുന്നു.<br>3. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസിലർ കൺസന്റ് ഓഫ് അഫിലിയേഷൻ നൽകുന്നു.<br>4. തുടർന്ന് അതാത് സ്റ്റാറ്റ്യൂട്ടറി കൗൺസിലുകളുടെ അംഗീകാരത്തിന്റെയും സർക്കാരിന്റെയും എൻ.ഒ.സി.യുടേയും അടിസ്ഥാനത്തിൽ ഗവേണിംഗ് കൗൺസിൽ പ്രൊവിഷണൽ അഫിലിയേഷൻ നൽകുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പി.ജി. കോഴ്സുകൾ അനുവദിച്ചിരുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് പി.ജി. കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. |

(സി) പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഈ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ചതെന്നും ഉറപ്പുവരുത്തിയിട്ടുണ്ടോ ?

(സി) പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു

1. സർവ്വകലാശാല വെബ് സൈറ്റിലൂടെ അപേക്ഷ ക്ഷണിക്കുന്നു.
2. അപേക്ഷ യഥാക്രമമാണെന്ന് പരിശോധിച്ചതിനുശേഷം ഒരു പരിശോധനാ വിഭാഗത്തെ (മുഖ്യമായും സർക്കാർ കോളേജുകളിൽ നിന്നും) ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് അയയ്ക്കുന്നു.
3. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർ കൺസന്റ് ഓഫ് അഫിലിയേഷൻ നൽകുന്നു.
4. തുടർന്ന് അതാത് സ്റ്റാറ്റ്യൂട്ടറി കൗൺസിലുകളുടെ അംഗീകാരത്തിന്റേയും സർക്കാർ എൻ.ഒ.സി.യുടെയും അടിസ്ഥാനത്തിൽ ഗവേണിംഗ് കൗൺസിൽ പ്രൊവിഷണൽ അഫിലിയേഷൻ നൽകുന്നു.

ഈ മാനദണ്ഡങ്ങൾ അനുസരിച്ചുതന്നെയാണ് പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**